# നുറുങ്ങുവെട്ടം

## സൂര്യ കൃഷ്ണമൂർത്തി

നുറുങ്ങുവെട്ടമല്ല ഉറങ്ങാത്ത വെട്ടമാണ് ഈ 'സൂര്യ' പുസ്തകം അകക്കാമ്പില്വണർത്തുന്നത്.

**ഡോ. എം. ലീലാവതി**

സൂര്യ കൃഷ്ണമൂർത്തിയുടെ 'നുറുങ്ങുവെട്ടം' ഞാൻ സമീപകാലത്ത് വായിച്ച മികച്ച മലയാള കൃതിയാണ്. അത്ഭുതാവഹമായ ഈ കരവിരുതിന്റെ ഉടമസ്ഥ് എന്റെ വിനീത പ്രണാമം.

**ടി. പത്മനാഭൻ**

പിന്നിട്ട വഴികളിലേക്ക് തിരിഞ്ഞുനോക്കുമ്പോളാണ് ബന്ധവൈഭവങ്ങളെപ്പറ്റി നാം ഓർത്തുപോകുന്നത്. അത്ഭുതങ്ങൾ !!! 'നുറുങ്ങുവെട്ട'ത്തിനും സൂര്യ കൃഷ്ണമൂർത്തിക്കും നന്ദി ...

**എം.ടി. വാസുദേവൻ നായർ**

ഈ കൃതി വേദനയാണോ, ആശ്വാസമാണോ തന്നത് എന്ന് എനിക്ക് ഇപ്പോഴും അറിയില്ല ...

**സുഗതകുമാരി**

സൂര്യ കൃഷ്ണമൂർത്തി പറയുന്നത് അരങ്ങിനപ്പുറത്തെ പച്ചമനുഷ്യരെപ്പറ്റിയാണ്. കണ്ണു നനയാതെ ഈ പുസ്തകത്തിലെ പല അദ്ധ്യായങ്ങളും വായിച്ചുതീർക്കാൻ പ്രയാസം.

**അടൂർ ഗോപാലകൃഷ്ണൻ**

ചെറുകഥകളുടെ ആഖ്യാനചാതുരിയും യാത്രാവിവരങ്ങളുടെ അനുഭവസാന്ദ്രതയും ആത്മകഥയുടെ സ്മൃതിദീപ്തിയും സൂര്യ കൃഷ്ണമൂർത്തിയുടെ കാവ്യചാരുതയുള്ള ഗദ്യത്തിൽ അലിഞ്ഞു ചേരുന്നു.

**സച്ചിദാനന്ദൻ**

'നുറുങ്ങുവെട്ടം' എന്നെ വിസ്മയിപ്പിച്ചുകളഞ്ഞു - സൂര്യ കൃഷ്ണമൂർത്തി എഴുതിയത് വായിക്കുമ്പോൾ സമുദ്രകോപംപോലെ എന്തോ മനസ്സിനെ ഇളക്കിമറിക്കുകയായിരുന്നു.

**പെരുമ്പടവം ശ്രീധരൻ**

കവർ ഡിസൈൻ: ഭട്ടതിരി


ഡിസി ബുക്സ്
www.dcbooks.com
ISBN 978-93-5432-366-9
9 789354 323669 00001
ഓർമ്മ
E-book available
₹ 199


നുറുങ്ങുവെട്ടം • സൂര്യ കൃഷ്ണമൂർത്തി
DCB



1643

LIBRARY

College of Avian Sciences & Management
KVASU Thiruvazhamkunnu 678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No..............................   Call No.........................

This book should be returned on or before the date last given below.

## സൂര്യ കൃഷ്ണമൂർത്തി

ലോകത്തിലെ ഏറ്റവും വലിയ സാംസ്കാരിക സംഘടനയായ 'സൂര്യ' യുടെ തുടക്കം കുറിച്ച വ്യക്തി, ഇന്നും അമരക്കാരൻ. 43 വർഷങ്ങൾ. 40 രാജ്യങ്ങളിൽ ചാപ്റ്ററുകൾ. സംവിധായകനും എഴുത്തുകാരനും പ്രഭാഷകനും. മലയാളത്തിലെ ആദ്യത്തെ ലൈറ്റ് ആൻഡ് സൗണ്ട് ഷോയുടെ ഉപജ്ഞാതാവ്.

ഇന്ത്യൻ നാടകചരിത്രത്തിലെ ആദ്യത്തെ റിയലിസ്റ്റിക് നാടക പരമ്പര 'ചായക്കട കഥകളും', ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റേജ് ഷോയായ 'എന്റെ രക്ഷകൻ' (ബൈബിൾ) തുടങ്ങി, മലയാളനാടകങ്ങൾ ഉൾപ്പെടെ നൂറ്റിപ്പത്തോളം വ്യത്യസ്ത സ്റ്റേജ് ഷോകളുടെ സംവിധായകൻ. പതിനായിരത്തിൽപരം വേദികൾ. സംവിധാനത്തിനും രംഗാവിഷ്കാരത്തിനുമുള്ള രാഷ്ട്രപതിയുടെ ദേശീയ പുരസ്കാരവും ലിംക ബുക്ക് ഓഫ് റെക്കോഡ്സിന്റെ 'മാൻ ഓഫ് ദി ഇയർ' പുരസ്കാരവും തമിഴ്നാട് സർക്കാരിന്റെ കലൈമാമണി പുരസ്കാരവും കേന്ദ്ര-സംസ്ഥാന സംഗീത നാടക അക്കാദമി ഫെല്ലോഷിപ്പും അവാർഡും ഉൾപ്പടെ 200 അന്തർദേശീയ-ദേശീയ പുരസ്കാരങ്ങൾ, 20 ടൈറ്റിലുകൾ. നാലു സംസ്ഥാനങ്ങളുടെ ഉയർന്ന പുരസ്കാരങ്ങൾ ലഭിച്ച ഏക കലാകാരൻ.

അന്താരാഷ്ട്ര ചലച്ചിത്രമേള-IFFK, നിശാഗന്ധി നൃത്തോത്സവം, ടൂറിസം വാരാഘോഷം, മലബാർ മഹോത്സവം, സൂര്യാ ഫെസ്റ്റിവൽ, എന്നിവയ്ക്ക് തുടക്കം കുറിച്ച വ്യക്തി. കേരള സംഗീത നാടക അക്കാദമിയുടെ മുൻ ചെയർമാൻ (6 വർഷം) കാലിക്കറ്റ് സർവ്വകലാശാല മുൻ ഡീൻ, മുൻ ചെയർമാൻ - ബോർഡ് ഓഫ് സ്റ്റഡീസ് - കാലിക്കറ്റ് സർവ്വകലാശാല, മുൻ വൈസ് ചെയർമാൻ - കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി, മുൻ ഫെസ്റ്റിവൽ ഡയറക്ടർ - അന്താരാഷ്ട്ര നാടകമേള - ITFOK (6 വർഷം), മുൻ ഡയറക്ടർ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, ദേശീയ-സംസ്ഥാന ഫിലിം അവാർഡ് ജൂറിയംഗം (മൂന്നു തവണ വീതം) , ദൂരദർശൻ മുൻ ഉപദേശക സമിതി അംഗം, മുൻ സെൻസർ ബോർഡ് അംഗം, ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷൻ മുൻ ഉപദേശക സമിതി അംഗം, ദേശീയ സാംസ്കാരിക പോളിസി മുൻ കമ്മിറ്റിയംഗം.

വീടിനു പിന്നിൽ 'ഗണേശം' എന്ന പേരിൽ ശീതീകരിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ തിയേറ്റർ (ബ്ലാക്ക് ബോക്സ്) നിർമ്മിച്ച് നാടക കലാകാരന്മാർക്കും മറ്റു കലാകാരന്മാർക്കും സൗജന്യമായി നല്കി വരുന്നു.

എ.പി.ജെ അബ്ദുൾ കലാമിന്റെ കീഴിൽ ISRO യിൽ 27 വർഷം സീനിയർ സയന്റിസ്റ്റ്. സ്വയം വിരമിച്ചു.

ജനനം, കോട്ടയം. വളർന്നത്, തിരുവനന്തപുരം

അച്ഛൻ: നടരാജൻ. അമ്മ: സരസ്വതി. ഭാര്യ: രാജി. മക്കൾ: സീതയും ലക്ഷ്മണനും

വിലാസം: സൂര്യചൈതന്യ, തൈക്കാട്, തിരുവനന്തപുരം 695 014

ഇ-മെയിൽ: sooryakrishnamoorthy1@gmail.com

വെബ്സൈറ്റ്: www.sooryaindia.com

ഈ വിഭാഗത്തിലെ പുസ്തകങ്ങൾ
പരിചയപ്പെടുവാൻ
ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ.

സൂര്യ കൃഷ്ണമൂർത്തി

# നറുങ്ങുവെട്ടം

ചിത്രങ്ങൾ, കലിഗ്രഫി
ഭട്ടതിരി

ഡി സി ബുക്സ്

Malayalam Language
Nurunguvettam

Memoir
by Soorya Krishnamoorthi

Rights Reserved
First Published March 2021

Illustrations
Bhattathiri

Publishers
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

Distributors
D C Books-Current Books
INDIA

D C Books Library Cataloguing in Publication Data
Soorya Krishnamoorthi.
Nurunguvettam/Soorya Krishnamoorthi.
168 p., 21 cm.
ISBN 978-93-5432-366-9
1. Malayalam literature. 2. Memoir. 3. Theatre. I. Title.
927.92—dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5432-366-9

Printed in India
at D C Press, Kottayam, INDIA.

D C Books: The First Indian Book Publishing House to get ISO Certification

1103/20-21-Sl.No. 21381-dcb 7689-1000-5555-03-21 se 70-p as-r(t) bm-d(t) hm

# ആത്മാംശമുള്ള കുറച്ചു കഥകൾ

## നാരായണ ഭട്ടതിരി

രസകരമാകിയ കഥകൾ പറയണ-
മതിനാണല്ലോ മാനുഷ ജന്മം-

എന്ന അയ്യപ്പപ്പണിക്കരുടെ വരികൾ വളരെ അർത്ഥവത്താണ്. കഥകൾ പറയുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുക എന്നത് ജീവിതത്തിന്റെ ധന്യതയാണ്.

കഥകൾ ജനിക്കുന്നത് ഭാവനയിൽ നിന്നുമാത്രമല്ല, അനുഭവങ്ങളിൽ നിന്നുകൂടിയാണ്. അനുഭവകഥകൾ ഭാവനയിൽ വിടരുന്ന കഥകളേക്കാൾ ഹൃദയസ്പർശിയായിരിക്കും. അവ കൂടുതൽ വികാരനിർഭരമായിരിക്കും.

അനുഭവത്തിൽ നിന്നു കിട്ടുന്ന ചില ചെറിയ കണികകളെ ഭാവനയിലൂടെ വളർത്തി നല്ലൊരു കഥയാക്കി മാറ്റുവാൻ കഴിയുന്ന മികച്ച കഥാകൃത്തുക്കളുള്ള നാടാണ് നമ്മുടേത്. അവർ നമ്മുടെ സാഹിത്യവീഥിയിൽ വഴിവിളക്കായി പ്രകാശം ചൊരിയുമ്പോൾ അവയ്ക്കു തുല്യമായ പ്രകാശനാളവുമായി നിൽക്കുന്ന ഒരാളുടെ -സൂര്യ കൃഷ്ണമൂർത്തിയുടെ-ആത്മാംശമുള്ള കുറച്ചു കഥകളുടെ ആദ്യവായനക്കാരനാകാൻ എനിക്കു കഴിഞ്ഞതുകൊണ്ടാണ് ഞാൻ ഇങ്ങനെയൊരു കുറിപ്പെഴുതാൻ മുതിരുന്നത്. ഇതൊരു ആമുഖമോ അവതാരികയോ ആസ്വാദനമോ നിരൂപണമോ അല്ല. വെറുമൊരു വായനക്കാരനായ എനിക്കു തോന്നിയ ചില കാര്യങ്ങൾ മാത്രം.

കഴിഞ്ഞ നാല്പതോളം വർഷമായി ഞാൻ സൂര്യ കൃഷ്ണമൂർത്തിയെ പരിചയപ്പെട്ടിട്ട്; ഒപ്പം പ്രവർത്തിച്ചു തുടങ്ങിയിട്ട്. ഒരു കലാപ്രവർത്തകൻ എന്ന നിലയിലാണ് പരിചയപ്പെട്ടതെങ്കിലും ഏറെത്താമസിയാതെ ഞാൻ മനസ്സിലാക്കി അദ്ദേഹം ഒരു കലാകാരനാണ്, എഴുത്തുകാരനാണ്, സംവിധായകനാണ്, സംഘാടകനാണ്...

കലയ്ക്കുവേണ്ടി തന്റെ ഔദ്യോഗിക ജീവിതംപോലും ഉപേക്ഷിച്ച ആളാണെന്ന്. അദ്ദേഹം സംവിധാനം നിർവ്വഹിച്ച സ്റ്റേജ് ഷോകളും നാടകങ്ങളും ലൈറ്റ് & സൗണ്ട് ഷോകളും എന്നെ പല തരത്തിലും അതിശയിപ്പിച്ചു. നാടകങ്ങളുടെ സ്ക്രിപ്റ്റ് വായിക്കാനിടവന്നപ്പോൾ അദ്ദേഹത്തിന്റെ രചനാ പാടവം ഞാൻ ശ്രദ്ധിച്ചിരുന്നു. കൈത്തഴക്കം വന്ന ഒരു നാടകകൃത്തിനെപ്പോലെ അവയിലെല്ലാം അദ്ദേഹം നിറഞ്ഞു നിന്നിരുന്നു.

ലോകത്തിലെ ഏറ്റവും വലിയ സാംസ്കാരിക സംഘമായ സൂര്യയുടെ അമരക്കാരന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ നിരവധി കലാകാരന്മാരുമായി പരിചയപ്പെടേണ്ടി വരുന്നത് സ്വാഭാവികമാണ്. എന്നാൽ ഇന്ത്യയിലെ നൃത്ത-സംഗീത-സിനിമ-നാടകം തുടങ്ങി കലാരംഗവുമായി ബന്ധപ്പെട്ട ഏതാണ്ട് എല്ലാവരുമായി സൗഹൃദമുള്ള മറ്റൊരാൾ ഉണ്ടെന്നു തോന്നുന്നില്ല.

കെ.ജയകുമാർ എഴുതിയ
ഇത്രമേൽ മണമുള്ള
കുടമുല്ലപ്പൂവുകൾക്കെത്ര
കിനാക്കളുണ്ടായിരിക്കും...

എന്ന ഗാനം കേൾക്കുമ്പോൾ എനിക്കോർമ്മ വരുന്നത് സൂര്യ കൃഷ്ണമൂർത്തിയെയാണ്. ഇത്രയേറെ കലാകാരന്മാരുമായി പരിചയമുള്ള ഒരാൾക്ക് എത്രയേറെ അനുഭവങ്ങൾ -നല്ലതും ചീത്തയുമാകാം- ഉണ്ടായിരിക്കും. മുമ്പ് പറഞ്ഞതുപോലെ അനുഭവകഥകൾ കേൾക്കാൻ എല്ലാവർക്കും താത്പര്യമുണ്ടാകുമല്ലോ.

സൂര്യ കൃഷ്ണമൂർത്തിയുടെ *മുറിവുകൾ* എന്ന പുസ്തകത്തിന്റെ പണിപ്പുരയിലായിരുന്നപ്പോഴാണ് -അതിന്റെ ആദ്യ വായനക്കാരനാകാനും എനിക്കു ഭാഗ്യമുണ്ടായി- അദ്ദേഹത്തിന്റെ അനുഭവങ്ങളുടെ കയ്പും മധുരവും നുകരാൻ കഴിഞ്ഞത്. അവകൂടാതെ അദ്ദേഹവുമായുള്ള കൂടിക്കാഴ്ചകളിൽ പലപ്പോഴും പറയാറുള്ളതും അല്ലാത്തതുമായ പല അനുഭവങ്ങളും എന്നെ പലതരത്തിലും വിസ്മയിപ്പിക്കുകയും സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്.

മുറിവുകളുടെ തുടർച്ചയെന്നോണം അദ്ദേഹത്തിനുണ്ടായ ചില വ്യത്യസ്ത അനുഭവങ്ങളുടെ ചിത്രീകരണങ്ങളാണ് ഈ 'നുറുങ്ങുവെട്ടം'. ചിരിയും കണ്ണീരും കലർന്ന ആത്മാംശമുള്ള ഈ കഥകൾ ഒരു നുറുങ്ങുവെട്ടമായി കാണാൻ എനിക്കാവുന്നില്ല. ഒരു പ്രകാശഗോപുരമായിട്ടാണ് ഞാനിതിനെ കാണുന്നത്.

ഈ അനുഭവക്കുറിപ്പുകൾക്ക് മുൻമൊഴിയെഴുതാൻ എന്നോടു പറഞ്ഞതു തന്നെ എന്നെ അതിശയിപ്പിച്ചു. മലയാള സാഹിത്യത്തിലെയോ കലാരംഗത്തെയോ ഏത് അതികായനെക്കൊണ്ടു വേണമെങ്കിലും ഇതിനൊരു കുറിപ്പെഴുതിക്കാൻ അദ്ദേഹത്തിന് അശേഷം ബുദ്ധിമുട്ടില്ലാതിരിക്കെ, ഒരെഴുത്തുകാരനല്ലാത്ത എന്നെ ഇതിനു തെരെഞ്ഞെടുത്തതിലും ഞാൻ ഭാഗ്യവാനാണ്.

ഇങ്ങനെയൊരു കുറിപ്പെഴുതിയാൽ മാത്രം പോരാ, ഈ കഥകൾക്കെല്ലാം തലക്കെട്ടും ചിത്രവും കൂടി തയാറാക്കണമെന്നു പറഞ്ഞതും ഞാൻ സസന്തോഷം ഏറ്റെടുത്തു.

ഇതിന്റെ ആദ്യവായനക്കാരൻ ഞാനാണെന്നു പറഞ്ഞല്ലോ. എന്നാൽ ഇതിനൊരു അവസാനവായനക്കാരനുണ്ടാവില്ലെന്നു കരുതുന്നു. ഇനിയെന്നും സഹൃദയർ ഇതുവായിച്ചുകൊണ്ടേയിരിക്കും.

# നുറുങ്ങുവെട്ടം തിരിച്ചറിഞ്ഞവർ

## ഡോ. എം. ലീലാവതി

നുറുങ്ങുവെട്ടമല്ല ഉറങ്ങാത്ത വെട്ടമാണ് ഈ 'സൂര്യ' പുസ്തകം അകക്കാമ്പിലുണർത്തുന്നത്. ആ വെട്ടത്തിൽ ചിറകില്ലാത്ത കുറെ മാലാഖമാരെ തെളിഞ്ഞുകണ്ടു. മണ്ണിൽ ഇരുകാലിൽ നടന്ന മാലാഖമാരെ കാണിച്ചു കണ്ണുതെളിയിച്ചു തന്ന വാങ്മയത്തിനു പ്രണാമം. "ഹൃദയം വെട്ടിപ്പിടിച്ചവരെ" പ്രതിഷ്ഠിച്ച ഈ ശ്രീകോവിലിൽ വാക്കുകൾ ദീപനാളങ്ങളായി ജ്വലിക്കുന്നു. ഇവിടെ കണ്ണടയ്ക്കാതെ കൈകൂപ്പി തൊഴുന്നതു് മരിക്കുംവരെ മറക്കാത്ത അനുഭവമായിരിക്കും.

## ടി. പത്മനാഭൻ

സൂര്യ കൃഷ്ണമൂർത്തിയുടെ 'നുറുങ്ങുവെട്ടം' ഞാൻ സമീപകാലത്ത് വായിച്ച മികച്ച ഒരു മലയാള കൃതിയാണ്. കൊച്ചുകൊച്ചു വാചകങ്ങൾ ഒന്നിനുമുകളിൽ മറ്റൊന്നായി അടുക്കിവച്ച് വായനയുടെ ഒരു അത്ഭുതസൗധം അദ്ദേഹം ഇവിടെ പണിയുന്നു.

അത്ഭുതാവഹമായ ഈ കരവിരുതിന്റെ ഉടമയ്ക്ക് എന്റെ വിനീത പ്രണാമം.

## എം.ടി.വാസുദേവൻ നായർ

പിന്നിട്ട വഴികളിലേക്ക് തിരിഞ്ഞു നോക്കുമ്പോളാണ് ബന്ധവൈഭവങ്ങളെ പറ്റി നാം ഓർത്തു പോകുന്നത്...

അത്ഭുതങ്ങൾ !!! ...

'കാൺക ഹ ഹ ബന്ധവൈഭവം!!'

അന്നു മഹാകവി ആശാൻ ഓർമ്മിപ്പിച്ചത് ഇതൊക്കെ ആയിരിക്കും ...

'നുറുങ്ങുവെട്ട'ത്തിനും സൂര്യ കൃഷ്ണമൂർത്തിക്കും നന്ദി ...

## സുഗതകുമാരി

'നുറുങ്ങുവെട്ട'ത്തിലെ അവസാന അദ്ധ്യായമാണ് ഞാൻ ആദ്യം വായിച്ചത്...

അതിൽ ഞാനും ഒരു കഥാപാത്രമാണ്...

കുറെ കരഞ്ഞു ...

ഈ കൃതി വേദനയാണോ, ആശ്വാസമാണോ തന്നത് എന്ന് എനിക്ക് ഇപ്പോഴും അറിയില്ല ...

## അടൂർ ഗോപാലകൃഷ്ണൻ

സൂര്യ കൃഷ്ണമൂർത്തി പറയുന്നത് അരങ്ങിനപ്പുറത്തെ പച്ചമനുഷ്യരെപറ്റിയാണ്. കൊച്ചുകൊച്ചു വാക്യങ്ങളിൽ വികാരപ്രപഞ്ചങ്ങൾ തുളുമ്പി നില്ക്കുന്നു. കണ്ണു നനയാതെ ഈ പുസ്തകത്തിലെ പല അദ്ധ്യായങ്ങളും വായിച്ചുതീർക്കാൻ പ്രയാസം.

### എൻ.എസ്. സുമേഷ് കൃഷ്ണൻ

സൂര്യ കൃഷ്ണമൂർത്തി സാർ എഴുതുന്ന നറുങ്ങു വെട്ടം എന്റെ മനസ്സിൽ മഹത്തായ ഒരു പ്രപഞ്ച പ്രകാശം പരത്തുന്നരചനയാണ്. വാക്കുകളുടെ സർഗ്ഗ മാന്ത്രികതയും അനുഭവസാക്ഷ്യങ്ങളുടെ സത്യസന്ധതയും സമ്മേളിക്കുന്ന അനിർവചനീയമായ അക്ഷരാനുഭവം.



College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601